**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2024** **01-09-2022 - ൽ മറുപടിയ്ക്ക്**

**പാവറട്ടി പഞ്ചായത്തിലെ സെക്രട്ടറിയുടെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പാവറട്ടി പഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ഷാജി പ്രസ്തുത പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റിന്റേയും മറ്റും മാനസിക പീഡനത്തെ തുടർന്ന് ആത്മഹത്യ ചെയ്ത വിഷയത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഷാജിയുടെ ഭാര്യ ഷീബ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ സമീപിച്ചതിനെ തുടർന്ന് അക്കാര്യം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണത്തിന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | നിർദ്ദേശം നൽകിയിട്ടുണ്ട്. പേരാമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം നം.1019/2018 U/s 174 Cr.PC കേസ് ക്രൈംബ്രാഞ്ചിൽ ക്രൈം നം.74/CB/TSR/R/2022 U/s 174 Cr.PC ആയി റീ നമ്പർ ചെയ്ത് 20/06/2022 മുതൽ അന്വേഷണം നടത്തി വരികയാണ്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണ നടപടികളുടെ വിശദാംശം നൽകുമോ; | (ബി) | നിർദ്ദേശം നൽകിയിട്ടുണ്ട്. പേരാമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന ക്രൈം നം.1019/2018 U/s 174 Cr.PC കേസ് ക്രൈംബ്രാഞ്ചിൽ ക്രൈം നം.74/CB/TSR/R/2022 U/s 174 Cr.PC ആയി റീ നമ്പർ ചെയ്ത് 20/06/2022 മുതൽ അന്വേഷണം നടത്തി വരികയാണ്. |
| (സി) | അക്കാര്യം സംബന്ധിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥന്റെ മേൽ നോട്ടത്തിൽ നിഷ്പക്ഷവും കർശനവുമായ അന്വേഷണം നടത്തുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശം നൽകുമോ? | (ഡി) | ക്രൈംബ്രാഞ്ച് തൃശ്ശൂർ യൂണിറ്റ് ഡിറ്റക്റ്റീവ് ഇൻസ്പെക്ടർ കേസ്സിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

ഹാജർ : വി.കെ. ബീനാകുമാരി
ബഹു. അംഗം

**എച്ച്.ആർ.എം.പി നമ്പർ 9932/11/13/2018/TSR**

പരാതിക്കാരി : ശ്രീമതി. ഷീബ
W/o. ഷാജി, തണ്ടാശ്ശേരി വീട്,
താണവീഥി, മുല്ലശ്ശേരി, ചാവക്കാട്,
തൃശൂർ.

എതിർകക്ഷികൾ 1) പാവറട്ടി പഞ്ചായത്ത് പ്രസിഡന്റ്,
2) വിമല സേതുമാധവൻ, വൈസ് പ്രസിഡന്റ്
മുതൽപേർ

**ഉത്തരവ് തീയതി 2022 ഏപ്രിൽ 20**

പരാതിക്കാരി (ഷീബ, തണ്ടാശ്ശേരി വീട്ടിൽ ഷാജിയുടെ ഭാര്യ) സമർപ്പിച്ച പരാതിയിൽ ടിയാളുടെ ഭർത്താവായ ഷാജി 30-6-2018 മുതൽ 4-8-2018 വരെ പാവറട്ടി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി നോക്കവെ ടി ഗ്രാമ പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്തതിന്റെ തുക കൈമാറുന്നതിനു വേണ്ടി 2-8-2018-ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ വച്ച് വൈസ് പ്രസിഡന്റ് വിമല സേതുമാധവന്റെ നേതൃത്വത്തിൽ ഷാജിക്കെതിരെ ഭീഷണി മുഴക്കുകയും കൈകൊണ്ട് മർദ്ദിക്കുകയും, ടി സംഭവത്തിനുശേഷം സെക്രട്ടറിയായി ജോലി നോക്കുന്നതിന് പ്രയാസം നേരിട്ടതിനെ തുടർന്ന് 4-8-2018 തീയതി മുതൽ ടിയാൻ ലീവിൽ പോയതിനെ തുടർന്ന് അസിസ്റ്റന്റ് സെക്രട്ടറിക്ക് സെക്രട്ടറിയുടെ ചാർജ് നൽകുകയും തുടർന്ന് 13-9-2018 മുതൽ ജോലിയിൽ പ്രവേശിക്കുവാൻ ഷാജി അപേക്ഷ നൽകിയെങ്കിലും ചാർജ് എടുക്കാൻ കഴിഞ്ഞില്ലെന്നും 8-10-2018 -ന് തിരുവനന്തപുരത്ത് ചെന്ന് ഡയറക്ടറെ നേരിൽ കണ്ട് സംസാരിച്ചതിനെ തുടർന്ന് പാവറട്ടി ഗ്രാമപഞ്ചായത്തിൽ തിരികെ എത്തി സെക്രട്ടറിയായി ചാർജ് എടുക്കുവാൻ ഡയറക്ടർ നിർദ്ദേശിച്ചു എങ്കിലും അസിസ്റ്റന്റ് സെക്രട്ടറി ചാർജ് കൈമാറാതെ ഒഴിഞ്ഞു മാറിയതിനെ തുടർന്ന് ടി കാര്യം ഷാജി ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചപ്പോൾ അന്വേഷിക്കാമെന്ന് ഷാജിയോട് പറയുകയും ചെയ്തതായും പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റ് വിമലാ സേതുമാധവൻ, പാവറട്ടി പഞ്ചായത്ത് സീനിയർ സെക്രട്ടറി, തൃശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, സീനിയർ സൂപ്രണ്ട് എന്നിവർ ചേർന്ന് ഷാജിയെ ജോലിയിൽ പ്രവേശിപ്പിക്കാതെയും ഷാജിക്ക് ശമ്പളം നൽകാതെയും മാനസികമായി പീഡിപ്പിക്കുകയും ചെയ്തതായും അതിനുശേഷം 24-10-2018 തീയതി രാത്രി വളരെ വൈകിയും ഷാജിയെ കാണാത്തതിനാൽ പാവറട്ടി പോലീസ് സ്റ്റേഷനിൽ വിളിച്ചറിയിച്ചതായും തുടർന്ന് 25-10-2018 രാവിലെ 6 മണിക്ക് ഷാജിയുടെ മൃതദേഹം പേരമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ പറപ്പൂർ പാടത്തുള്ള ഒരു മരത്തിൽ കെട്ടിതൂങ്ങിയ നിലയിൽ കാണപ്പെട്ട മൃതദേഹത്തിൽ പരിക്കുകളും ചെളിയും മറ്റും ഉണ്ടാ

യിരുന്നതായും പരാതിയിൽ പറയുന്നു. ആയതിനാൽ ഷാജിയുടെ മരണത്തിന് ഉത്തരവാദികളായവർക്ക് എതിരെ ശക്തമായ നിയമനടപടി സ്വീകരിച്ച് വിധവയും 2 പെൺമക്കളുടെ അമ്മയുമായ പരാതിക്കാരിക്ക് നീതി ഉറപ്പാക്കുന്നതിനും മറ്റ് വരുമാനമാർഗ്ഗങ്ങൾ ഇല്ലാത്ത കുടുംബത്തിന് ആശ്രിതനിയമനമായി പരാതിക്കാരിയുടെ മകൾക്ക് ജോലി ലഭ്യമാക്കണമെന്നും എന്നതുമാണ് പരാതിക്കാരിയുടെ ആവശ്യം.

കമ്മീഷൻ തൃശൂർ ജില്ലാ പോലീസ് മേധാവിയോടും പഞ്ചായത്ത് ഡയറക്ടറോടും റിപ്പോർട്ട് ആവശ്യപ്പെട്ടു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ "ഈ വിഷയത്തിൽ കുറ്റാരോപിതനായ ശ്രീ. ജയിംസ്. പി.ജെ രേഖാമൂലമുള്ള മൊഴി സമർപ്പിച്ചിട്ടുണ്ടെന്നും ആയതിൽ പരേതനായ പാവറട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഷാജിയുടെ അനധികൃത ഹാജരില്ലായ്മയും, ടിയാൻ സമർപ്പിച്ച അവധി അപേക്ഷയും മറ്റ് രേഖകളും കൃത്യസമയത്ത് പഞ്ചായത്ത് ഡയറക്ടറേറ്റിലേക്ക് അയച്ചു നൽകിയിരുന്നുവെന്നും ടിയാന്റെ ഭാഗത്ത് ഈ വിഷയത്തിൽ വീഴ്ചയൊന്നും പറ്റിയിട്ടില്ല എന്നും സൂചിപ്പിച്ചിട്ടുണ്ടെന്നും ശ്രീമതി. ഷീബയുടെ പരാതിയിൽ ശ്രീ. ഷാജിക്ക് ലീവ് അനുവദിച്ചില്ലായെന്നും സെക്രട്ടറിയുടെ ചുമതല അസിസ്റ്റന്റ് സെക്രട്ടറിക്ക് ഡിഡിപി നൽകിയതിനാൽ തിരികെ ജോലിയിൽ ടിയാന് പ്രവേശിക്കാൻ കഴിഞ്ഞില്ലായെന്നും ഡിഡിപിക്ക് പിന്നീട് നിയമനത്തിനായി അപേക്ഷ നൽകിയെങ്കിലും ടിയാന് നിയമന ഉത്തരവ് നൽകിയില്ലായെന്നും, ശ്രീ. ജെയിംസിന്റെ മറുപടിയിൽ ടിയാന്റെ അനധികൃത ഹാജരില്ലായ്മ സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറേറ്റിൽ അറിയിച്ചിരുന്നുവെന്നും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം താളം തെറ്റുന്നുവെന്ന പ്രസിഡന്റിന്റെ അപേക്ഷ പ്രകാരവും പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സീനിയർ സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് അസിസ്റ്റന്റ് സെക്രട്ടറിക്ക് ചാർജ് മാറ്റി നൽകിയതെന്നും ടി വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അവധി അനുവദിക്കുന്നത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആകയാലും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവധി അനുവദിച്ച് നൽകാത്തതു സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ രേഖകൾ പരിശോധിച്ച് മാത്രമേ ഒരു നിഗമനത്തിൽ എത്താനാകൂ എന്നും തൃശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ സേവനത്തിലിരിക്കവേ മരണപ്പെട്ട ശ്രീ. ഷാജിയുടെ മകൾ കുമാരി സ്വാതി.ടി.എസ്. ആശ്രിതനിയമനവ്യവസ്ഥപ്രകാരം ജോലി ലഭിക്കുന്നതിനായി തൃശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന 23-09-2019-ൽ സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സർക്കാരിന്റെ അനുമതിയ്ക്കായി 17-11-2019-ൽ അയച്ചുനൽകിയിട്ടുണ്ടെന്നും സർക്കാർ ഉത്തരവാകുന്ന മുറയ്ക്ക് ടിയാന് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും" കാണുന്നു.

ഗുരുവായൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ റിപ്പോർട്ടിൽ "....അന്വേഷണത്തിൽ മരണപ്പെട്ട ഷാജി 24-10-2018 തീയതി 19 മണിക്കും 25-10-2018 തീയതി രാവിലെ 7 മണിക്കും ഇടയിലുള്ള ഏതോ സമയത്ത് പറപ്പൂർ

മുള്ളൂർ പാടത്തിന് സമീപമുള്ള ഒരു പാലമരത്തിൽ കയറി കൊമ്പ് ഒടിഞ്ഞ് താഴെ വീണ് കുത്തനെയുള്ള ചെരിവിലൂടെ ഉരുണ്ട് പാടത്തിന്റെ വശത്തുള്ള ചെളി നിറഞ്ഞ ചാലിൽ വീണതിൽ വച്ച് ദേഹമാസകലം ചെളി പുരണ്ടതായും തലക്കും ഇടതു കാൽമുട്ടിലും വലതുകാൽപാദത്തിലും തലക്കു പുറകിലും പരിക്കു പറ്റിയ തായും തുടർന്ന് ടിയാൻ വീണ്ടും ടി പാലമരത്തിൽ കയറി കൈവശം കരുതിയി രുന്ന മഞ്ഞ പ്ലാസ്റ്റിക് കയർ സ്വയം കഴുത്തിൽ കെട്ടി തൂങ്ങി മരണപ്പെട്ടതായി വെളിവായിട്ടുള്ളതാണെന്നും നാളിതുവരെ നടത്തിയ അന്വേഷണത്തിലും മേൽ പറഞ്ഞ സാഹചര്യങ്ങൾ വിശകലനം ചെയ്ത് പരിശോധിച്ചതിലും ആവലാതി ക്കാരി ആരോപിക്കുന്ന തരത്തിലുള്ള പ്രേരണയോ മറ്റോ പാവറട്ടി പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ഷാജിയുടെ മരണത്തിന് പുറകിൽ ഉള്ളതായി അന്വേഷണ ത്തിൽ വെളിവായിട്ടില്ലാത്തതും, സാധാരണ പഞ്ചായത്ത് ഓഫീസുകളിൽ ഉണ്ടാ കുന്ന ഉദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതിയും തമ്മിലുള്ള പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളതെന്നും വ്യക്തമായിട്ടുള്ളതാണെന്നും പേരാമംഗലം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 1019/18/u/s 174 CrPC കേസിന്റെ അന്വേഷണം പൂർത്തിയാക്കി Death due to suicide by hanging ആയി അന്തിമ റിപ്പോർട്ട് തയ്യാറാക്കി 02-03-2019 തീയതി അന്വേഷണ ഉദ്യോഗസ്ഥനായ പേരാമംഗലം പോലീസ് ഇൻസ്പെക്ടർ ബഹു. തൃശൂർ എസ്.ഡി.എം. കോടതിയിൽ സമർപ്പിച്ചിട്ടുള്ള തും....."ആണെന്ന് പറയുന്നു.

ഗുരുവായൂർ പോലീസ് കമ്മീഷണറുടെ റിപ്പോർട്ട് പരാതിക്കാരി പൂർണ്ണ മായും നിഷേധിച്ചു. ഉദ്യോഗസ്ഥരുടെ പെരുമാറ്റം മൂലമാണ് ഷാജി ആത്മഹത്യ ചെയ്തതെന്നും പറഞ്ഞു. ഇക്കാര്യം പരിശോധിച്ചു കമ്മീഷൻ ചീഫ് ഇൻവെസ്റ്റി ഗേഷൻ ഓഫീസറോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീ സറുടെ വിശദമായ റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചു. പരാതിക്കാരിയുടെ ഭർത്താവായ ഷാജി പഞ്ചായത്തിലെ കുടിവെള്ള വിതരണത്തിലുണ്ടായ ക്രമക്കേടു കൾ കണ്ടെത്തിയതിനാൽ ക്രമവിരുദ്ധമായി ടി ബില്ലുകൾ പാസ്സാക്കികൊടുക്കാൻ വിസമ്മതിച്ചുവെന്നും ഇതിനെതുടർന്ന് കരാറുകാരനും, ടിയാന് ബിൽതുക നൽകു ന്നതിനായി രാഷ്ട്രീയക്കാരും ഷാജിയ്ക്കുമേൽ സമ്മർദ്ദം ചെലുത്തിയെന്നും ഭരണ സമിതിയിലെ നേതാക്കളുടെ അധികാര വടംവലികൾ പഞ്ചായത്ത് യോഗത്തിലെ ബഹളത്തിനും മറ്റ് അനിഷ്ടസംഭവങ്ങൾക്കും ഇടയാക്കി, മാനസിക സംഘർഷങ്ങ ളിൽപെടുകയും സഹപ്രവർത്തകരിൽ നിന്നുപോലും വേണ്ടത്ര പിന്തുണ കിട്ടാതെ യുമായ ഷാജി ഒരു മാസത്തെ എച്ച്.പി.എൽ-ന് അപേക്ഷിച്ച് ജോലിയിൽ നിന്ന് മാറി നിന്നുവെന്നും എന്നാൽ ടിയാന്റെ മേലധികാരി ഡി.ഡി.പി. ജെയിംസ് ലീവ് അനുവദിക്കുകയോ നിരസ്സിക്കുകയോ ചെയ്യാതെ മനഃപൂർവ്വം ലീവ് അപേക്ഷയി ന്മേലുള്ള നടപടി വച്ചു താമസിപ്പിച്ചുവെന്നും അതുമൂലം ഷാജി ഡ്യൂട്ടിയിൽ ആബ്സെന്റ് ആയിയെന്നും ലീവ് അപേക്ഷയിൽ നടപടി എടുക്കാത്ത സാഹചര്യ ത്തിൽ ഡ്യൂട്ടിയിൽ തിരികെ പ്രവേശിയ്ക്കാൻ ഷാജി നടത്തിയ ശ്രമങ്ങളൊന്നും മേലധികാരികളുടെ സഹകരണമില്ലാത്തതിനാൽ വിജയിച്ചതുമില്ലായെന്നും ഇത്തര

ത്തിലുള്ള മാനസികവും സാമ്പത്തികവുമായ സംഘർഷങ്ങളാണ് ഷാജിയെ ആത്മഹത്യയിലേയ്ക്ക് നയിച്ചതെന്ന് അനുമാനിക്കാവുന്നതാണെന്നും ഷാജി ആത്മഹത്യ ചെയ്യുന്നതിന് പ്രധാന കാരണമായിത്തീർന്ന പാവറട്ടി പഞ്ചായത്തിലെ കുടിവെള്ള വിതരണത്തിലുണ്ടായ അഴിമതിയാരോപണത്തെക്കുറിച്ചും ടിയാൻ ആബ്സെന്റ് ആകാനും തിരികെ ഡ്യൂട്ടിയിൽ പ്രവേശിക്കാൻ സാധിക്കാതെ വന്നതിനെക്കുറിച്ചും ക്രൈംബ്രാഞ്ചിനെക്കൊണ്ട് വിശദമായ അന്വേഷണം നടത്തിക്കുന്നത് ഉചിതമായിരിക്കുമെന്നും ഷാജി മരണപ്പെട്ട് നാളിതുവരെ ടിയാന്റെ നിരാശ്രയരായി തീർന്ന കുടുംബത്തിന് സമാശ്വാസ നടപടിയെന്ന നിലയിൽ ആശ്രിത നിയമനം ലഭിച്ചിട്ടില്ല എന്നും ടിയാന്റെ അനന്തരാവകാശികൾക്ക് അർഹതപ്പെട്ട ആശ്രിത നിയമനം അടിയന്തിരമായി നടത്തുന്നതിന് നിർദ്ദേശം നൽകാവുന്നതാണ് എന്നും ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ റിപ്പോർട്ടിൽ പറയുന്നു.

പരാതിയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ആക്ഷേപവും, കമ്മീഷൻ പരിശോധിച്ചു. പരാതിക്കാരിയുടെ ഭർത്താവ് ഷാജിക്ക് പഞ്ചായത്തിലെ കുടിവെള്ള വിതരണം സംബന്ധിച്ചു ബില്ലുകളിൽ ക്രമക്കേട് കണ്ടെത്തിയതിനാൽ ടിയാൻ ബില്ല് പാസ്സാക്കി നൽകാത്തതിൽ ടിയാന്റെ മേൽ കടുത്ത രാഷ്ട്രീയ സമ്മർദ്ദം ഉണ്ടായതായും തുടർന്നുള്ള പഞ്ചായത്ത് യോഗത്തിലെ അനിഷ്ട സംഭവത്തെ തുടർന്നും സഹപ്രവർത്തകരുടെ സഹായം ലഭ്യമാകാത്തതിനാലും ടിയാൻ ലീവിലേക്ക് പോയതായും ടി ലീവ് അനുവദിക്കാതെ നല്ലൊരു കാലയളവ് നീട്ടിവന്നതുകൊണ്ടും തിരികെ ജോലിയിൽ പ്രവേശിക്കാൻ ഷാജിക്ക് കഴിയാതെ വന്നതും ആയിരിക്കും ഷാജിയെ ആത്മഹത്യയിലേക്ക് എത്തിച്ചതും എന്നും ഉള്ള ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ റിപ്പോർട്ട് തികച്ചും യാഥാർത്ഥ്യമായി കമ്മീഷൻ അംഗീകരിക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ നിഷ്പക്ഷമായ ഒരു അന്വേഷണം കൂടി നടത്തേണ്ടതുണ്ടെന്ന് കമ്മീഷൻ കാണുന്നു. ഈ സാഹചര്യത്തിൽ പാവറട്ടി പഞ്ചായത്തിൽ 2018 വർഷത്തിൽ നടത്തിയ കുടിവെള്ള വിതരണത്തിലെ അഴിമതി ആരോപണത്തെക്കുറിച്ചും ടി സംഭവത്തെ തുടർന്ന് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ഷാജിക്ക് ഡ്യൂട്ടിയിൽ തിരികെ പ്രവേശിക്കാൻ കഴിയാത്ത സാഹചര്യവും ടിയാനെ ആത്മഹത്യയിലേക്ക് നയിക്കാനിടയായ കാരണവും വിശദമായി പരിശോധിക്കുന്നതിന് സംസ്ഥാന ക്രൈം ബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. കൂടാതെ ഷാജിയുടെ കുടുംബത്തിന് അർഹമായ ആശ്രിതനിയമനം മൂന്നു മാസത്തിനകം നൽകി നടപടി പൂർത്തിയാക്കി കമ്മീഷനെ അറിയിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്കും നിർദ്ദേശം നൽകുന്നു.

ഉത്തരവിന്റെ പകർപ്പ് സംസ്ഥാന പോലീസ് മേധാവിയ്ക്കും പഞ്ചായത്ത് ഡയറക്ടർക്കും അയച്ചുകൊടുക്കുക.

ഒപ്പ്/-
**വി.കെ. ബീനാകുമാരി**
**അംഗം**
**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ**

//ശരിപകർപ്പ്//

KERALA STATE HUMAN RIGHTS COMMISSION
Thiruvananthapuram
695 033

രജിസ്ട്രാർ

സെക്ഷൻ ഓഫീസർ